# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **1970**      **05.10.16** -ൽ മറുപടിക്ക്

## കൊല്ലം ജില്ലയിലെ കുടിവെള്ള വിതരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. മുകേഷ് | മാത്യു ടി തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കല്ലടയാറ്റിലെ കടപുഴ സ്രോതസ്സായി നടപ്പിലാക്കി വരുന്ന കുടിവെള്ള വിതരണ പദ്ധതിയിൽ കടപുഴയിൽ ഇറിഗേഷൻ വകുപ്പ് നിർമ്മിക്കേണ്ട റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ നടപടികളിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) ഉണ്ട്; കടപുഴ റഗുലേറ്റർ കം ബ്രിഡ്ജിന്റെ പുതുക്കിയ നിരക്കനുസരിച്ചുള്ള സിവിൽ പാർട്ടിന്റെ എസ്റ്റിമേറ്റ് PRICE software -ൽ തയ്യാറാക്കിവരുന്നു. |
| (ബി) കടപുഴയിൽ കിണർ നിർമ്മിക്കേണ്ട സ്ഥലത്തെ സംബന്ധിച്ച് ശാസ്താംകോട്ട മുനിസിഫ് കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ? | (ബി) കടപുഴയിൽ കിണർ നിർമ്മാണ സ്ഥലത്തെ സംബന്ധിച്ച് OS.No.81/2015 പ്രകാരം ശ്രീമതി ശ്രീകുമാരി അമ്മ, മാധവ വിലാസം ബംഗ്ലാവ്, മാവൂർ മുറി, ഈസ്റ്റ് കല്ലട- ബഹുമാനപ്പെട്ട ശാസ്താംകോട്ട മുനിസിഫ് മജിസ്ട്രേറ്റ് കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തിരുന്നു. ബഹുമാനപ്പെട്ട കോടതി, IA No./418/2015, OS No.81/2015-ൽ 31/03/2016 തീയതിയിലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വെയ്ക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ഈ സ്റ്റേ ഉത്തരവിന് എതിരെ വാട്ടർ അതോറിറ്റി 30/05/2016-ൽ ബഹുമാനപ്പെട്ട കരുനാഗപ്പള്ളി സബ് കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ